# മലങ്കര ശ്ലൈഹീക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ
# ഡോ. ജോസഫ് മാർത്തോമ്മായിൽ നിന്നും

**സർക്കുലർ നമ്പർ: 359**

**നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും ദേശത്തു പട്ടക്കാരും പള്ളികൈക്കാരും ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്കു വാഴ്‌വ്.**

കർത്താവിൽ വാത്സല്യമുള്ളവരെ,

കേരളത്തിൽ പൊതുവെ കൊറോണ വൈറസ് ബാധിതർ വ്യാപകമാകയാൽ വേണ്ട മുൻകരുതൽ എടുക്കുന്നതിനെപ്പറ്റിയുള്ള ആലോചനയ്ക്കായി 2020 മാർച്ച് 9–ാം തീയതി 3 മണിക്ക് പത്തനംതിട്ട കളക്ടറേറ്റിൽ മത–സാമുദായിക നേതാക്കളുടെ യോഗം ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ കൂടുകയുണ്ടായി. നമ്മുടെ സഭാ പ്രതിനിധികളും ഈ യോഗത്തിൽ പങ്കെടുത്തു.
ഈ യോഗത്തിന്റെ തീരുമാനപ്രകാരവും ബഹു. മുഖ്യമന്ത്രിയുടെ അറിയിപ്പിൻ പ്രകാരവും കേരളത്തിലെ നമ്മുടെ ഇടവകകളിൽ താഴെപ്പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

1. 2020 മാർച്ച് 31 വരെ, വിവാഹശുശ്രൂഷയ്ക്ക് ദൈവാലയത്തിൽ പരമാവധി 15 പേരും, ശവ സംസ്ക്കാര ശുശ്രൂഷയ്ക്ക് ദേവാലയങ്ങളിൽ കുടുംബാംഗങ്ങൾ മാത്രവും പങ്കെടുക്കുന്നതിനേ അനുവാദമുള്ളു. രോഗലക്ഷണങ്ങൾ ഉള്ള വ്യക്തികൾ ഈ ശുശ്രൂഷകളിൽ പങ്കെടുക്കുന്നില്ല എന്ന് ബന്ധപ്പെട്ടവർ ഉറപ്പുവരുത്തേണ്ടതാണ്.
2. വിശുദ്ധ കുർബ്ബാന, പള്ളി കൂദാശകൾ, ഇടവക സംഘയോഗങ്ങൾ, നോമ്പു പ്രാർത്ഥന ഉൾപ്പെടെയുള്ള മറ്റു കൂദാശകളും യോഗങ്ങളും മാർച്ച് 31 വരെ നടത്തുവാൻ പാടുള്ളതല്ല. എന്നാൽ പരസ്യാരാധന, രോഗ പ്രതിരോധ മാർഗ്ഗങ്ങൾ സ്വീകരിച്ച് വികാരിമാർക്ക് യുക്താനുസരണം ചെറിയ കൂട്ടങ്ങളായി നടത്താവുന്നതാണ്.
3. സ്കൂൾ, കോളജ്, മന്ദിരങ്ങൾ തുടങ്ങിയ സ്ഥാപനകളിലെ വാർഷിക യോഗങ്ങൾ, യാത്രയയപ്പ് യോഗങ്ങൾ, പൊതുപരിപാടികൾ, വിനോദ യാത്രകൾ എന്നിവ ഈസ്റ്റർ വരെ മാറ്റിവയ്ക്കേണ്ടതാണ്.
4. 2020 ഏപ്രിൽ 4 ന് കൊല്ലം തേവള്ളി സെന്റ് തോമസ്സ് മാർത്തോമ്മാ പള്ളിയിൽ നടത്തുന്നതിന് സർക്കുലർ നമ്പർ 357 പ്രകാരം അറിയിച്ചിരുന്ന സഫ്രഗൻ മെത്രാപ്പോലിത്താ നിയോഗ ശുശ്രൂഷ ഇപ്പോഴത്തെ പ്രത്യേക സാഹചര്യത്തിൽ മാറ്റിവയ്ക്കേണ്ടതായി വന്നിരിക്കുകയാണ്. ഈ ശുശ്രൂഷ ഈസ്റ്ററിനു ശേഷം സൗകര്യപ്രദമായ ഒരു തീയതിയിൽ നടത്തുന്നതാണ്.

കൊറോണ വൈറസ് ബാധ തടയുന്നതിന് സംസ്ഥാന സർക്കാരും ജില്ലാ ഭരണകൂടങ്ങളും സ്വീകരിച്ചിട്ടുള്ള മുൻകരുതൽ നടപടികളോട് എല്ലാവരും സഹകരിക്കുകയും ജാഗ്രത പുലർത്തുകയും ചെയ്യണമെന്ന് പ്രബോധിപ്പിച്ചുകൊള്ളുന്നു. ഹസ്തദാനം ഉൾപ്പെടെയുള്ള സാമൂഹികാചാരക്രമങ്ങളിലും സർക്കാരിന്റെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. ഭവന സന്ദർശനങ്ങളും സാമൂഹിക സന്ദർശനങ്ങളും രോഗബാധിതർ പൂർണ്ണമായും ഒഴിവാക്കേണ്ടതാണ്. മറ്റുള്ളവർ അത്യാവശ്യകാര്യങ്ങൾക്കുവേണ്ടി മാത്രമായി സന്ദർശനങ്ങൾ പരിമിതപ്പെടുത്തേണ്ടതാണ്. ഇന്ത്യയിലെ ഇതര സംസ്ഥാന സർക്കാരുകൾ ഈ വിഷയവുമായി ബന്ധപ്പെട്ടു നൽകുന്ന നിർദ്ദേശങ്ങൾ അതത് ഇടങ്ങളിലെ സഭാജനങ്ങൾ പാലിക്കേണ്ടതാണ്

ലോകത്താകമാനം ഈ പകർച്ച വ്യാധിയുടെ നിയന്ത്രണത്തിനും രോഗ ചികിത്സയ്ക്കുമായി അഹോരാത്രം പ്രവർത്തിക്കുന്ന ആതുര ശുശ്രൂഷാ പ്രവർത്തകരെ നന്ദിയോടെ ഓർത്തു ദൈവത്തെ സ്തുതിക്കാം. ഈ മാരക വിപത്തു മൂലം ക്ലേശം അനുഭവിക്കുന്നവർക്കു പൂർണ്ണ സൗഖ്യം ലഭിക്കുന്നതിനു വേണ്ടിയും വൈറസിന്റെ വ്യാപനം അവസാനിക്കേണ്ടതിനായും വ്യക്തികളായും കുടുംബമായും എല്ലാവരും പ്രാർത്ഥിക്കണമെന്ന് ഉദ്ബോധിപ്പിക്കുന്നു.

നമ്മുടെ കർത്താവ് സമസ്ത മാനവരാശിയുടെയും രക്ഷയ്ക്കുവേണ്ടി കാൽവറി കുരിശിൽ നമ്മുടെ നൊമ്പരങ്ങൾ ഏറ്റെടുത്ത് പരമയാഗമായിത്തീർന്ന് അവന്റെ അടിപ്പിണരുകളാൽ നമുക്കു സൗഖ്യം നൽകിയ ആ നിസ്തുല്യസ്നേഹത്തെ ധ്യാനിക്കുന്നതിനും രോഗങ്ങളിലും വേദനകളിലും ആയിരിക്കുന്ന നമ്മുടെ സഹോദരങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുന്നതിനും ആത്മശുദ്ധീകരണത്തിലൂടെയും വിനയത്തിലൂടെയും ജീവിത വിശുദ്ധിയിൽ വളരുന്നതിനും ഈ വലിയ നോമ്പുകാലം ഒരു മുഖാന്തിരമായിത്തീരട്ടെ എന്നു പ്രാർത്ഥിക്കാം.

നമ്മുടെ കർത്താവിന്റെ കൃപ നാം ഏവരോടും കൂടെ ഉണ്ടായിരിക്കുമാറാകട്ടെ.

എന്ന് തിരുവല്ലാ പുലാത്തീനിൽ നിന്നും 2020 മാർച്ച് മാസം 10–ാം തീയതി,

J. mmalabar

**ഡോ.ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ**